**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 812** **06-02-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നവീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള എസ്.സി. കോളനികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ അയ്യങ്കാളി കോളനി,മീൻ കുഴി നഗരിയിൽ കറി കോളനി (2016-17), തിരൂരങ്ങാടി നഗരസഭയിലെ കണ്ണാടിത്തടം പട്ടികജാതി കോളനി, കൊട്ടുവാലക്കാട് പട്ടികജാതി കോളനി (2021-22) എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട **അയ്യങ്കാളി പട്ടികജാതി കോളനിയുടെ** എസ്റ്റിമേറ്റിൽ വീട് റിപ്പയർ (58 എണ്ണം), അതിര് തിരിയ്ക്കൽ, പാർശ്വഭിത്തി നിർമ്മാണം, എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നുവെങ്കിലും 6 വീടുകളുടെ റിപ്പയർ മാത്രമാണ് പൂർത്തീകരിച്ചത്.ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു നൽകിയിട്ടുള്ളതാണ്. എന്നാൽ മൂന്ന് തവണ ടെൻഡർ വിളിച്ചിട്ടും ആരും തന്നെ വർക്ക് എടുത്തിട്ടില്ലെന്ന് ഏജൻസിയായ കെയ്കോ (KAICO) അറിയിച്ചിട്ടുണ്ട്.<br><br>2016-17വർഷത്തെ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെട്ട **മീൻകുഴി നഗരിയിൽ കറി കോളനി**യുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ വീട് റിപ്പയർ(83 എണ്ണം) പാർശ്വഭിത്തി നിർമ്മാണം എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 50 വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2021-22 വർഷത്തിൽ തെരഞ്ഞെടുത്ത കണ്ണാടിത്തടം,കൊട്ടുവാലക്കാട് എന്നീ പട്ടികജാതി കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കോളനികളിൽ നാളിതുവരെ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും ഏതൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ അയ്യങ്കാളി കോളനി,മീൻ കുഴി നഗരിയിൽ കറി കോളനി (2016-17), തിരൂരങ്ങാടി നഗരസഭയിലെ കണ്ണാടിത്തടം പട്ടികജാതി കോളനി, കൊട്ടുവാലക്കാട് പട്ടികജാതി കോളനി (2021-22) എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട **അയ്യങ്കാളി പട്ടികജാതി കോളനിയുടെ** എസ്റ്റിമേറ്റിൽ വീട് റിപ്പയർ (58 എണ്ണം), അതിര് തിരിയ്ക്കൽ, പാർശ്വഭിത്തി നിർമ്മാണം, എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നുവെങ്കിലും 6 വീടുകളുടെ റിപ്പയർ മാത്രമാണ് പൂർത്തീകരിച്ചത്.ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു നൽകിയിട്ടുള്ളതാണ്. എന്നാൽ മൂന്ന് തവണ ടെൻഡർ വിളിച്ചിട്ടും ആരും തന്നെ വർക്ക് എടുത്തിട്ടില്ലെന്ന് ഏജൻസിയായ കെയ്ക്കോ (KAICO) അറിയിച്ചിട്ടുണ്ട്.<br><br>2016-17വർഷത്തെ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെട്ട **മീൻകുഴി നഗരിയിൽ കറി കോളനി**യുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ വീട് റിപ്പയർ(83 എണ്ണം) പാർശ്വഭിത്തി നിർമ്മാണം എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 50 വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 വർഷത്തിൽ തെരഞ്ഞെടുത്ത കണ്ണാടിത്തടം,കൊട്ടുവാലക്കാട് എന്നീ പട്ടികജാതി കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ